## മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ :
## ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ബഹുമാനപ്പെട്ട ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിയ്ക്കുവേണ്ടി ഞാൻ താഴെ പറയുന്ന കടലാസ് മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6599-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കാം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.